# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

ശാന്തിനഗർ, തിരുവനന്തപുരം-01

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ: ശ്രീ.കെ.ബിജു. ഐ.എ.എസ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്- 2016-17 വർഷത്തെ വകുപ്പിലെ ഏറ്റവും മികച്ച പ്രിൻസിപ്പാൾ, മികച്ച ഗ്രൂപ്പ് ഇൻസ്ട്രക്ടർ, മികച്ച ഇൻസ്ട്രക്ടർമാർ എന്നിവർക്കുള്ള അവാർഡ്- നിർണ്ണയഫലം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:-1) 05.12.2016 ലെ സ്യൂട്ട്/596/2016 നമ്പരായ Suiit കഴക്കൂട്ട് സ്പെഷ്യൽ ആഫീസറുടെ കത്ത്

2) 19.12.2016 ലെ ഈ കാര്യാലയത്തിലെ എഫ്3/36069/16 നമ്പർ നടപടിക്രമം

3) 17.01.2017 ലെ ഈ കാര്യാലയത്തിലെ എഫ്3/36069/16 നമ്പർ നടപടിക്രമം

## ഉത്തരവ് നമ്പർ എഫ്3/36069/16 തീയതി :28/3/2017

പരാമർശം (1) ലെ സ്യൂട്ട് കേരള സ്പെഷ്യൽ ആഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിൽ 2016-17 വർഷത്തെ ഏറ്റവും മികച്ച പ്രിൻസിപ്പാൾ, മികച്ച ഗ്രൂപ്പ് ഇൻസ്ട്രക്ടർ, മികച്ച ഇൻസ്ട്രക്ടർമാർ എന്നിവരെ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ആഫീസർ ,Suiit, കേരള ചെയർമാനായും അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ വൈസ് ചെയർമാനായും സൂചന (2) (3) എന്നിവ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു.

ടി കമ്മിറ്റി ഒരു പൊതു മാനദണ്ഡങ്ങൾ പ്രസിദ്ധീകരിച്ച് അപേക്ഷക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച പ്രിൻസിപ്പാളിനെ തെരെഞ്ഞെടുക്കുന്നതിലേക്കായി ആകെ 5 അപേക്ഷകളും, മികച്ച ഗ്രൂപ്പ് ഇൻസ്ട്രക്ടറെ തെരെഞ്ഞെടുക്കുന്നതിലേക്ക് ആകെ 6 അപേക്ഷകളും, മികച്ച 4 ഇൻസ്ട്രക്ടർമാരെ തെരെഞ്ഞെടുക്കുന്നതിലേക്ക് ആകെ 16 അപേക്ഷകളും ലഭിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ ഒരു പ്രിൻസിപ്പാളിനും, പ്രിൻസിപ്പാൾമാരുടെ ശുപാർശയിൻ മേൽ ലഭിച്ച ഗ്രേഡുകൾ കൂടി കണക്കിലെടുത്ത് ഏറ്റവും മികച്ച മാർക്ക് ലഭിച്ച ഒരു ഗ്രൂപ്പ് ഇൻസ്ട്രക്ടർക്കും നാല് ട്രേഡ് ഇൻസ്ട്രക്ടർമാർക്കും അവാർഡ് നൽകുന്നതിന് കമ്മിറ്റി ശുപാർശ ചെയ്തു.

കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച് താഴെ പറയുന്ന പ്രിൻസിപ്പാൾ, ഗ്രൂപ്പ് ഇൻസ്ട്രക്ടർ, 4 ഇൻസ്ട്രക്ടർമാർ എന്നിവർക്ക് 2016-17 ലെ അവാർഡിന് അർഹരായിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | തസ്തിക | സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ കെ വി മുഹമ്മദ് | പ്രിൻസിപ്പാൾ | ഐടിഐ കോഴിക്കോട് |
| 2 | ശ്രീ എൻ സന്തോഷ്കുമാർ | ഗ്രൂപ്പ് ഇൻസ്ട്രക്ടർ | വനിതാ ഐടിഐ കോഴിക്കോട് |
| 3 | ശ്രീ അബ്ദുൾ ജലീൽ | സീനിയർ ഇൻസ്ട്രക്ടർ | ഐടിഐ അരീക്കോട് |
| 4 | ശ്രീ ജയപ്രകാശൻ, | സീനിയർ ഇൻസ്ട്രക്ടർ | ഐടിഐ കയ്യൂർ |
| 5 | ശ്രീ സജിമോൻ തോമസ് | സീനിയർ ഇൻസ്ട്രക്ടർ | ഐടിഐ പള്ളിക്കത്തോട് |
| 6 | ശ്രീമതി ഏ കെ മിനി | സീനിയർ ഇൻസ്ട്രക്ടർ | ഐടിഐ പുഴക്കാട്ടിരി |

ടി ഉദ്യോഗസ്ഥർക്കുള്ള ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ഒരു ചടങ്ങ് സംഘടിപ്പിച്ച് വിതരണം ചെയ്യുന്നതായിരിക്കും.

ഒപ്പ്
ട്രെയിനിംഗ് ഡയറക്ടർ

പകർപ്പ്

1) പ്രിൻസിപ്പാൾ, ഐടിഐ കോഴിക്കോട്
2) പ്രിൻസിപ്പാൾ , വനിതാ ഐടിഐ കോഴിക്കോട്
3) പ്രിൻസിപ്പാൾ, ഐടിഐ അരീക്കോട്
4) പ്രിൻസിപ്പാൾ, ഐടിഐ കയ്യൂർ
5) പ്രിൻസിപ്പാൾ, ഐടിഐ പള്ളിക്കത്തോട്
6) പ്രിൻസിപ്പാൾ, ഐടിഐ പുഴക്കാട്ടിരി
7) സ്പെഷ്യൽ ഓഫീസർ,SUIIT,കേരള
8) വകുപ്പ് വെബ്സൈറ്റ്.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്